# KERALA SCHOOL TEACHERS ASSOCIATION (KSTA)

**Academic Sub Committee**

## L.S.S. MODEL EXAMINATION, FEBRUARY 2024

എൽ.എസ്.എസ് മാതൃക പരീക്ഷ, ഫെബ്രുവരി 2024

(Paper - 1)

രജിസ്റ്റർ നമ്പർ

| | | | | | | |
|---|---|---|---|---|---|---|
| അക്കത്തിൽ | | | | | | |
| അക്ഷരത്തിൽ | | | | | | |

---

സമയം: 1.30 മണിക്കൂർ

ആകെ സ്കോർ: 40

## L.S.S MODEL EXAMINATION, FEBRUARY 2024

എൽ.എസ്.എസ് മാതൃക പരീക്ഷ, ഫെബ്രുവരി **2024**

(Paper - I)

| |
|---|
| |

ഓഫീസ് ഉപയോഗത്തിന് വേണ്ടി (For office use only)

**പൊതു നിർദ്ദേശങ്ങൾ**

1. 10.15 മണിമുതൽ 12 മണി വരെയാണ് പരീക്ഷാ സമയം

   The time of examination is from 10:15 a.m to 12 p.m.

2. ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.

   The first 15 minutes will be cool-off time. This time should be used for reading the questions carefully

P.T.O

3. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്ന് ഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് (എ) ഒന്നാം ഭാഷ - മലയാളം/കന്നട/തമിഴ്, പാർട്ട് (ബി) - ഇംഗ്ലീഷ്, പാർട്ട് (സി) - പൊതുവിജ്ഞാനം, Paper 1 includes 3 parts. Part A - (Malayalam/Kannada/Tamil), Part B - (English), Part C - (General Knowledge)

4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.

   Answer all the questions in the space provided in the question paper.

5. പാർട്ട് സി- പൊതുവിജ്ഞാന ചോദ്യങ്ങൾ മലയാളം/ഇംഗ്ലീഷ് മാധ്യമങ്ങളിലായി തൊട്ടടുത്തു വരുന്ന പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ മീഡിയത്തിലെ പേജിൽ ഉത്തരം എഴുതേണ്ടതാണ്.

   Part C - General Knowledge questions of Malayalam medium and English medium are given in separate pages. Candidates must answer in the pages selected as their medium

6. ബുക്ക് ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.

   Identification marks or any other marks of such kind should not be written on the booklet.

7. ബുക്ക്ലെറ്റ് ഇൻവിജിലേറ്ററെ ഏൽപ്പിച്ചതിനുശേഷം മാത്രമേ പരീക്ഷാഹാൾ വിട്ട് പുറത്തു പോകാൻ പാടുള്ളൂ.

   Candidates should handover the booklet to the invigilator before leaving the examination hall.

## എൽ.എസ്.എസ്. മാതൃകാ പരീക്ഷ, ഫെബ്രുവരി 2024

### (പേപ്പർ - 1) (പാർട്ട് - എ)

### മലയാളം

ആകെ സ്കോർ: **20**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
- 1 മുതൽ 12 വരെ ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.

---

**1. കുഞ്ഞേടത്തി ആരുടെ കവിതയാണ്? (സ്കോർ-1)**

ഉത്തരം:

**2. 2023 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയ സാഹിത്യകാരൻ? (സ്കോർ-1)**

ഉത്തരം:

**3. പിരിച്ചെഴുതുക. (സ്കോർ-1)**

ചെങ്കുപ്പായം

ഉത്തരം:

**4. 'ജലനൗക' എന്ന പദത്തിന്റെ അർത്ഥം. (സ്കോർ-1)**

ഉത്തരം:

**6. വരരുചി ആവശ്യപ്പെട്ട 101 കൂട്ടം കറിക്ക് തുല്യമായ കറി? (സ്കോർ-1)**

ഉത്തരം:

6. 'വിത്ത് കുത്തി ഉണ്ണരുത്' ഈ പഴഞ്ചൊല്ലിന് അനുയോജ്യമായ പ്രസ്താവന ഏത്?

(a) വിത്ത് കരുതി വെക്കേണ്ടതില്ല

(b) വിത്ത് എടുത്ത് കഴിക്കണം

(c) നാളേക്കു വേണ്ടിയുള്ള കരുതൽ

(d) വിത്ത് കുത്തുന്നത് നല്ലതാണ് (സ്കോർ-1)

| ഉത്തരം: |
| --- |

7. ശരിയായ ജോഡി കണ്ടെത്തുക. (സ്കോർ-1)

(a) കേരളസിംഹം - വേലുത്തമ്പി

(b) വിളക്കേന്തിയ വനിത - ഫ്ളോറൻസ് നൈറ്റിംഗേൽ

(c) ഇന്ത്യയുടെ വാനമ്പാടി - ലതാ മങ്കേഷ്ക്കർ

(d) ഇന്ത്യയുടെ പൂങ്കുയിൽ - സരോജിനി നായിഡു

| ഉത്തരം: |
| --- |

8. താഴെ പറയുന്നതിൽ ശരിയായ അക്ഷരമാലാക്രമത്തിൽ എഴുതിയത് ഏത്?

(a) പാതകം, താരകം, വാഹനം, കാനനം

(b) താരകം, കാനനം, വാഹനം, പാതകം

(c) വാഹനം, താരകം, കാനനം, പാതകം

(d) കാനനം, താരകം, പാതകം, വാഹനം (സ്കോർ-1)

| ഉത്തരം: |
| --- |

9. "ചുരുട്ടിയാലും ചുരുട്ടിയാലും തീരാത്ത പായ" ഈ കടങ്കഥ കൊണ്ട് അർത്ഥമാക്കുന്നത് എന്ത്? (സ്കോർ-1)

| ഉത്തരം: |
| --- |

10. ശരിയായ പദമേത്? (സ്കോർ-1)

(a) കദകളി (b) കഥകളി

(c) കതകളി (d) കധകളി

| ഉത്തരം: |
| --- |

**11. താഴെകൊടുത്തിട്ടുള്ള കവിത വായിക്കുക. തുടർന്ന് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

കേരളമേ, നിന്റെയോമനപ്പേർ കേൾക്കേ
കോൾമയിർ കൊള്ളുന്നെന്നുള്ളമെന്നും
നീരാളപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾ നാടുകളും
വാരിളം പുല്ലണി കുന്നിൻപുറങ്ങളും
നേരറ്റ നീരലർപൊയ്കകളും
പൂത്തിരി കത്തിച്ച പാതിരാവും പിന്നെ
പൂത്തിരുവാതിരപ്പൂനിലാവും
മഞ്ഞകുറിയിട്ട മൂവന്തിമാനവും
മഞ്ഞപുതച്ച പുലരികളും

*(എസ്.കെ. പൊറ്റക്കാട്)*

(a) വയലുകൾ എങ്ങനെയാണ് കിടക്കുന്നത്? (സ്കോർ-1)

| ഉത്തരം: |
|---|
| |

(b) മഞ്ഞ പുതച്ചത് ആര്? (സ്കോർ-1)

| ഉത്തരം: |
|---|
| |

(c) ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (സ്കോർ-3)

| ഉത്തരം: |
|---|
| |

12. കഥ വായിക്കൂ

ഒരു പട്ടണത്തിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾ തന്റെ സുഹൃത്തിനെ വിശ്വസിച്ച് അമ്പതു തുലാം ഇരുമ്പ് സൂക്ഷിക്കുവാൻ ഏല്പിച്ചു. എന്നിട്ട് അയാൾ കച്ചവടത്തിന് വേണ്ടി തെക്കൻ ദിക്കിലേക്ക് പോയി. പത്തുമാസം അയാൾ അവിടെ താമസിച്ചു. മടങ്ങിവന്നപ്പോൾ താൻ പണ്ട് സൂക്ഷിക്കുവാൻ കൊടുത്ത ഇരുമ്പ് അയാൾ സ്നേഹിതനോട് മടക്കി ചോദിച്ചു. സ്നേഹിതൻ കൈമലർത്തി, "ചങ്ങാതീ, എന്റെ വീട്ടിൽ എലിയുടെ ശല്യം വളരെയുണ്ട്. എന്തുചെയ്യാം, ഇരുമ്പ് എല്ലാം എലി തിന്നുതീർത്തു." ഇരുമ്പ് എലി തിന്നുകയോ? ഇവൻ മഹാദുഷ്ടൻ തന്നെ! വിശ്വാസവഞ്ചന ചെയ്തിരിക്കുന്നു. അയാൾ മറുത്തൊന്നും പറഞ്ഞില്ല. വെറുതെ പറഞ്ഞിട്ട് എന്തുകാര്യം കച്ചവടക്കാരൻ മടങ്ങിപ്പോന്നു.

അടുത്തദിവസം സുഹൃത്തിന്റെ പുത്രൻ കളിക്കുവാൻ പോവുകയായിരുന്നു. കച്ചവടക്കാരൻ ഉടനെ ചെന്ന് അവനെ പിടിച്ചു കൊണ്ടുവന്ന് ഒരു മുറിയിൽ ഇട്ട് പൂട്ടി. അവന്റെ അച്ഛൻ മകനെ കാണാഞ്ഞ് പല ദിക്കിലും തിരഞ്ഞു. കച്ചവടക്കാരനോട് ചോദിച്ചു, അയാൾ പറഞ്ഞു. "ചങ്ങാതി നിന്റെ മകനെ ഒരു പരുന്ത് വന്ന് എടുത്തുകൊണ്ടുപോയി." 18 വയസ്സായ അവനെ പരുന്ത് എടുത്ത് പറക്കുകയോ? കള്ളം! അവൻ തന്റെ മകനെ കച്ചവടക്കാരൻ പിടിച്ച് കൊന്നു എന്ന് രാജാവിനോട് പരാതിപ്പെട്ടു. കച്ചവടക്കാരനെ വരുത്തി രാജാവ് ചോദ്യം ചെയ്തു. പരുന്ത് സ്നേഹിതന്റെ മകനെക്കൊത്തി പറന്നുപോയെന്ന് അയാൾ ധൈര്യം വിടാതെ പറഞ്ഞു. ആളുകൾ അതുകേട്ട് ചിരിച്ചു. ഇങ്ങനെ സംഭവിക്കുക ഇല്ലെന്നായി അവർ. പക്ഷേ കച്ചവടക്കാരൻ വിട്ടില്ല. 50 തുലാം ഇരുമ്പ് എലി തിന്നുപോയ നാട്ടിൽ പരുന്ത് കുട്ടിയെ കൊത്തി പറന്നുപോയി എന്നത് സംഭവ്യമാണ് എന്ന് അയാൾ ഉറപ്പിച്ച് പറഞ്ഞു. രാജാവിനും മന്ത്രിമാർക്കും കാര്യം പിടികിട്ടി. 50 തുലാം ഇരുമ്പ് കണ്ടെടുത്ത് ഉടൻ കൊണ്ടുവരാൻ അവർ കല്പിച്ചു. ശിക്ഷയായി രാജാവ് കല്പിച്ച ധനവും അയാൾ പിഴ ഒടുക്കി. ആ സമയം കച്ചവടക്കാരൻ സുഹൃത്തിന്റെ മകനെ കൊണ്ടുവന്ന് കൊടുക്കുകയും ചെയ്തു.

(a) ഈ കഥയുടെ ഗുണപാഠം എന്ത്? (സ്കോർ-1)

ഉത്തരം:

(b) പിറ്റേദിവസം അവർ തമ്മിൽ കണ്ടുമുട്ടിയാൽ നടത്തുന്ന സംഭാഷണം എഴുതിയാലോ. (സ്കോർ-3)

ഉത്തരം:

(c) ഈ കഥയ്ക്ക് അനുയോജ്യമായ തലക്കെട്ട് നല്കുക. (സ്കോർ-1)

ഉത്തരം:

# KERALA SCHOOL TEACHERS ASSOCIATION (KSTA)

Academic Sub Committee

## LSS MODEL EXAMINATION, FEBRUARY 2024

**(Paper - 1) (Part - B)**

## ENGLISH

**Total Score : 10**

---

- Questions **13** and **14** are included in the English section.
- The score of each question is given against it.
- Write the answers to the questions in the space provided.
- Answer **all** the questions.

---

**13. (a) Circle the odd one.** **(1 score)**

Plant, Palace, courtyard, kingdom

Answer:

**(b) Rearrange the words to make a meaningful sentence.** **(1 score)**

boat / her / Anna / launched / gently

Answer:

**(c) Find out one word for given sentence.** **(1 score)**

truthful and sincere

Answer:

**(d) Write the missing alphabet to make meaningful words.** **(1 score)**

co-nt-y

Answer:

**(e) Read the following sets of events, which one is in correct order a, b, or c?**
**(1 score)**

a) a child was separated from his parents in the festival ground

b) a child went to the festival with his parents

c) a man in the crowd lifted the child up in his arms.

Answer:

**14. Mahatma Gandhi is well known as a freedom fighter and the father of our nation. He is popularly known as "Bapu." He was born in Porbandar, Gujarath on October 2, 1869. His fathers name was Karamchand Gandhi, and his mothers name was Puthaly Bhai.**

**Read the paragraph answer the given questions.**

a) Who is our father of nation? **(1 score)**

Answer:

b) Gandhiji was born on .................. **(1 Score)**

Answer:

c) Write a brief discription about Mahatma Gandhi. **(3 Score)**

Answer:

# എൽ.എസ്.എസ്. മാതൃകാ പരീക്ഷ, ഫെബ്രുവരി 2024

## (പേപ്പർ - 1) (പാർട്ട് - സി)

## പൊതുവിജ്ഞാനം

ആകെ സ്കോർ: **10**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
- 15 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.

---

15. ഭാരതരത്നം നേടിയ ആദ്യ സംഗീതജ്ഞ ആര്? (സ്കോർ-1)

(a) എം.എസ്. സുബ്ബലക്ഷ്മി (b) ലതാ മങ്കേഷ്ക്കർ

(c) രവിശങ്കർ (d) ഭീംസെൻ ജോഷി

ഉത്തരം:

16. 2023 ലെ ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യന്മാർ? (സ്കോർ-1)

(a) ഇന്ത്യ (b) ഓസ്ട്രേലിയ

(c) ന്യൂസിലാന്റ് (d) ദക്ഷിണാഫ്രിക്ക

ഉത്തരം:

17. "കേരളത്തെ ലഹരിവിമുക്തമാക്കുക" എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി ഏത്?

(a) പ്രത്യാശ (b) സഹിതം

(c) കൈവല്യ (d) വിമുക്തി (സ്കോർ-1)

ഉത്തരം:

18. ഓസോൺദിനം ആചരിക്കുന്നത് എന്ന്? (സ്കോർ-1)

(a) ജൂൺ 5 (b) സെപ്റ്റംബർ 5

(c) സെപ്റ്റംബർ 16 (d) ഒക്ടോബർ 31

| ഉത്തരം: |
|---|

19. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യം ഏതാണ്? (സ്കോർ-1)

(a) ക്യൂബ (b) മാലിദ്വീപ്

(c) മൊനോക്കോ (d) വത്തിക്കാൻ സിറ്റി

| ഉത്തരം: |
|---|

20. 2023 ലെ വയലാർ അവാർഡ് നേടിയത് ആര്? (സ്കോർ-1)

| ഉത്തരം: |
|---|

21. നക്ഷത്ര ആമകൾക്ക് പ്രസിദ്ധമായ കേരളത്തിലെ വനപ്രദേശം ഏത്? (സ്കോർ-1)

| ഉത്തരം: |
|---|

22. യുനെസ്ക്കോയുടെ ലോകപൈതൃകപട്ടികയിൽ ഉൾപ്പെട്ട കേരളീയ കലാരൂപം ഏത്?

(സ്കോർ-1)

| ഉത്തരം: |
|---|

23. 'അക്കിത്തം' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി ആര്? (സ്കോർ-1)

| ഉത്തരം: |
|---|

24. 'ഇന്ത്യയുടെ പക്ഷിമനുഷ്യൻ' എന്നറിയപ്പെടുന്നതാര്? (സ്കോർ-1)

| ഉത്തരം: |
|---|